**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **11-09-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെൻറ് ഓഫീസിൽ നിന്നുള്ള അനെർട്ടിലെ ഇൻസ്പെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെൻറ് ഓഫീസിൽ നിന്നും എത്ര പ്രാവശ്യം അനെർട്ടിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്; ആയതിന്റെ റിപ്പോർട്ട് അനെർട്ടിന് സമർപ്പിച്ചിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ എല്ലാ പകർപ്പുകളും ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും 20.01.2018, 29.12.2022 തീയതികളിലായി രണ്ട് തവണ അനെർട്ടിൽ ഇന്സ്പെക്ഷൻ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് അനെർട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പരിശോധനാ റിപ്പോർട്ടിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി.) മുഖാന്തരം നിയമിച്ചവരെ പിരിച്ചു വിടണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നോ; | (ബി) | ഇല്ല. പി.എസ്.സി. യുടെ നിയമന പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തേണ്ടതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അനെർട്ടിൽ സി.എം.ഡി. മുഖാന്തരം നിയമിച്ചവരുടെ മുൻകാല പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് പ്രൊവിഷണൽ എംപ്ലോയ്മെന്റ്ൽ എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (സി) | അനെർട്ടിൽ നിന്നുള്ള തൊഴിൽ പരിചയം തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ ഉദ്യോഗാർത്ഥികൾ ചേർത്തിട്ടുണ്ട്. എന്നാൽ സി.എം.ഡി. മുഖാന്തിരം നിയമിച്ചവരുടെ തൊഴിൽ പരിചയമാണോ എന്ന വിവരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ ലഭ്യമല്ല. |
| (ഡി) | എങ്കിൽ പ്രൊവിഷണൽ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത വ്യക്തികളെ തന്നെയാണോ അനെർട്ടിലെ ഉദ്യോഗാർത്ഥി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ പേരും തസ്തികയും വെളിപ്പെടുത്താമോ; പ്രസ്തുത നിയമനം നിയമാനുസൃതമാണോ; ഇല്ലെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ഡി) | തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ അറിയിച്ച എക്സിക്യൂട്ടീവ് അസിസ്റ്റന്റ് (ഐ.റ്റി), പ്രോജക്ട് ലീഡ് സോളാർ സിറ്റി, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു സി.ഇ.ഒ., സീനിയർ അക്കൗണ്ട്സ് ഓഫീസർ, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് - അക്കൗണ്ട്സ് എന്നീ അഞ്ചു തസ്തികയിലെ ഒഴിവുകളിലേക്ക്, തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അനെർട്ടിൽ നൽകിയിട്ടുണ്ട്.<br><br>ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ പേര് അനുബന്ധം II ആയി ചേർക്കുന്നു. അഭിമുഖത്തിൽ തിരഞ്ഞെടുത്തവരുടെ പേര് അനുബന്ധം III ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യതകൾ പരിശോധിച്ച് ഉറപ്പ് വരുത്തി നിയമനം നൽകേണ്ടത് ഉദ്യോഗദായകനാണ്. തിരുവനനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ അറിയിച്ച ഒഴിവുകളുടെ അടിസ്ഥാനത്തിൽ നൽകിയ ലിസ്റ്റിൽ നിന്നുള്ള നിയമന വിവരം ഉദ്യോഗദായകൻ അറിയിച്ചിട്ടുണ്ട്. ഒഴിവുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നൽകുന്നത്. നിയമനം സംബന്ധിച്ചുള്ള നടപടിക്രമങ്ങളിൽ എംപ്ലോയ്മെന്റ് വകുപ്പിന് യാതൊരു പങ്കുമില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

## നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
തിരുവനന്തപുരം 695001
ഫോൺ- 0471-2476713, ഇ-മെയിൽ:-deetvpm.emp.lbr@kerala.gov.in

31/08/2021

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ.

ഡയറക്ടർ,
അനർട്ട് ,
ലോ കോളേജ് റോഡ് ,
പി എം ജി , തിരുവനന്തപുരം .

സർ,

വിഷയം : അനർട്ടിലെ താൽക്കാലിക നിയമനം - സംബന്ധിച്ച്
-

സൂചന :- 1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്സ് സി എൻ വി ആക്റ്റ് 1959 , റൂൾസ് 1960
2. തൊഴിലും പുനഃരധിവാസവും (ജി)വകുപ്പിന്റെ 25 / 10 / 2004 - ലെ 1887 ജി2 / 03 തൊഴിൽ നമ്പർ സർക്കുലർ .
3 . ടി. വകുപ്പിന്റെ 05 / 02 / 2014 - ലെ 25941 / ജി2 / 2013 / എൽ . ബി . ആർ നമ്പർ സർക്കുലർ.
4 .ടി. വകുപ്പിന്റെ 26 / 12 / 2016 - ലെ 104613 / ജി2 / 2016 / തൊഴിൽ നമ്പർ സർക്കുലർ.
5 . തൊഴിലും നൈപുണ്യവും (ജി)വകുപ്പിന്റെ 24 / 03 / 2019 - ലെ LBRD - G2 / 1 / 2019 - LBRD നമ്പർ സർക്കുലർ.
6 . ധനകാര്യ (വ്യയം - സി )വകുപ്പിന്റെ 11 / 01 / 2019 തീയതിലെ 03 / 2019 / ധന നമ്പർ കത്ത് .
7 . ആസൂത്രണ സാമ്പത്തികകാര്യ (ബി പി ഇ)വകുപ്പിന്റെ 10 / 07 / 2018 തീയതിലെ PLGEA - BPE/3/2/2017 / PLGEA നമ്പർ സർക്കുലർ.
8 . പബ്ലിക് (എംപ്ലോയ്മെന്റ് സെൽ)ഡിപ്പാർട്ട്മെന്റിന്റെ 21 / 12 / 1970 - ലെ ജി.ഒ (പി )413 / 70 / പി ഡി നമ്പർ ഉത്തരവ് .
9. അനർട്ട് ഡയറക്ടറുടെ 11 / 08 / 2020 - ലെ ANERT - ADM / 181 / 2018 - OA1 (HRM) നമ്പർ കത്ത് .
10. തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ 18/06/2021 ലെ LBRD-G2/212/2019 - LBRD നമ്പർ കത്ത്

DESPATCHED

O/c

01.09.2021

11. ബഹു: എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10 / 8 / 2021 - ലെ DE / 5947 / 2017 - P2 നമ്പർ കത്ത്.

സൂചനയിലേക്ക സാദരം ശ്രദ്ധ ക്ഷണിക്കുന്നു. അനർട്ടിന്റെ നിലവിലുള്ള തസ്തികയും, ഘടനയും പുനഃസംഘടിപ്പിക്കുവാനായി നിയോഗിച്ചിരുന്ന സി എം ഡി തയ്യാറാക്കിയ റിപ്പോർട്ടും, സ്പെഷ്യൽ റൂൾസും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും, സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറക്ക് പി എസ് സി മുഖേന നിയമനങ്ങൾക്കുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 11/08/2020 ലെ ANERT-ADM/181/2018-OA നമ്പർ കത്തിൽ ബഹു.അനർട്ട് ഡയറക്ടർ അറിയിച്ചിരുന്നു. സ്പെഷ്യൽ റൂൾസിന് സർക്കാർ അംഗീകാരം നൽകിയോ എന്നും അത് പ്രകാരം ഒഴിവുകൾ പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും ഉള്ള വിവരം അറിയിക്കുന്നതിന് അപേക്ഷിക്കുന്നു.

സംസ്ഥാനസർക്കാർ വകുപ്പുകൾ/ പൊതുമേഖലസ്ഥാപനങ്ങൾ/ ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള , പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്കു പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1959 ലെ സി എൻ വി ആക്ടിന് വിധേയമായി മാത്രമായിരിക്കണമെന്നും , അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ ചീഫ്/ എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും സൂചന (2),(3),(4),(5),(6),(7),(8) സർക്കുലറുകളിലൂടെ സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന ചട്ട രൂപീകരണത്തിലുള്ള കാലതാമസവും മറ്റ് ചില സാങ്കേതിക തടസ്സങ്ങളും കാരണം നിയമനം പി എസ് സി വഴിയല്ലാതെയും നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, അതിനാൽ സംവരണ തത്വം പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (സി എൻ വി) ആക്ട് പ്രകാരം 28/02/1992 ലെ 14896 / ബി.പി.ഇ 2 / പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നികത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും യോഗ്യരായവരുടെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പ്രസ്തുത ഒഴിവുകളുടെ നോട്ടിഫിക്കേഷൻ ന്യൂസ് പേപ്പറിൽ പ്രസിദ്ധീകരിക്കുകയും ടി തെരഞ്ഞെടുപ്പിനായി കമ്പനിയുടെ ഡയറക്ടർ ബോർഡ് രൂപീകരിച്ച 3 അംഗങ്ങളിൽ കുറയാത്ത ഒരു കമ്മിറ്റി (അതിൽ ഒരംഗമെങ്കിലും സർക്കാർ പ്രതിനിധി) ഉണ്ടാകേണ്ടതാണെന്നും, പ്രസ്തുത തെരഞ്ഞെടുപ്പിലെ സാമുദായിക സംവരണം സർക്കാർ നിയമനങ്ങളിൽ നടത്തപ്പെടുന്നതുപോലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - II പ്രകാരം തന്നെ ആയിരിക്കണമെന്നും മേൽപ്പറഞ്ഞ സർക്കുലറിൽ വ്യവസ്ഥ ചെയ്തിരുന്നു എന്നും സൂചന (7) സർക്കുലറിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസ്തുത ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഒഴിവുകൾ എംപ്ലോയ്മെൻ എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാതെ സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് ദിവസവേതനക്കാരെ നിയമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും സർക്കാർ ഈ വീഴ്ച വളരെ ഗൗരവമായി കാണുന്നു എന്നും ആയതിനാൽ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും സമയബന്ധിതമായി നിയമനങ്ങൾ പി എസ് സി ക്കു വിടുന്നതിനുള്ള നിയമന ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത നിയമനച്ചട്ട രൂപീകരണത്തിന് മുമ്പും, കൂടാതെ മറ്റ് സാങ്കേതിക കാരണങ്ങളാലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നികത്തേണ്ടതാണെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നോൺ - അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ മാത്രം ന്യൂസ് പേപ്പറിൽ പരസ്യം ചെയ്ത ശേഷം സെലക്ട് കമ്മിറ്റി ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കേണ്ടതാണെന്നും, മേൽ നിർദ്ദേശങ്ങൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികളും കർശനമായി പാലിക്കേണ്ടതാണെന്നും സൂചന (7) സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സൂചന (9) പ്രകാരം അങ്ങയുടെ കാര്യാലയത്തിൽനിന്നു ലഭിച്ച കത്തിൽ , 05/06/2004 ലെ ജി ഒ (എം.എസ്) 12/2004/പി ഡി നമ്പർ സർക്കാർ ഉത്തരവ്

അനുസരിച്ചാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അതത് കാലത്ത് ബഡ്ജറ്റ് പ്രകാരമുള്ള പ്രോജക്ടുകൾ നിർവഹിക്കുന്നതിന് വേണ്ടിവരുന്നവരെ നിയോഗിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് (സി എൻ വി ) ആക്ട് 1959, റൂൾസ് 1960 പ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യേണ്ടതാണെന്നും, കൂടാതെ പി എസ് സി യുടെ നിയമന പരിധിയിൽപ്പെടാത്ത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ നേരിട്ട് പത്രപ്പരസ്യം മുഖേന നികത്താൻ പാടുള്ളൂ എന്ന് സൂചന (7) ലെ സർക്കാരിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യാതെ നേരിട്ട് നികത്തുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൂടി അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം പി എസ് സി യുടെ നിയമന പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യേണ്ടതാണെന്നറിയിക്കുന്നു. അനർട്ടിൽ കരാർ അടിസ്ഥാനത്തിലും, കുടുംബശ്രീ മുഖേനയും നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് സൂചന (10) പ്രകാരം സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ഈ വിഷയത്തിൽ എത്രയും വേഗം [illegible] നൽകണമെന്ന് അപേക്ഷിക്കുന്നു

വിശ്വസ്തതയോടെ,

DISTRICT EMPLOYMENT OFFICER

1/9/21

1/9/2021

O/C

File No.DEE-TVM/1659/2022-E1

'ഭരണഭാഷ മാതൃഭാഷ'

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)
മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
ആനയറ (പി ഒ), തിരുവനന്തപുരം - 695029
ഫോൺ - 0471 - 2741713 , ഇ - മെയിൽ :-deetvpm.emp.lbr@kerala.gov.in

തീയതി : 12/12/2022

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ

ഡയറക്ടർ
അനർട്ട് ലാകോളേജ് റോഡ്,
തിരുവനന്തപുരം.

സർ,

വിഷയം:- അനെർട്ടിലെ - നിയമനങ്ങൾ സംബന്ധിച്ച് ഈ കാര്യാലയത്തിലെ എംപ്ലോയ്മെന്റ് ഓഫിസർ 29/09/2022 -ൽ നടത്തിയ ഇ എം ഐ പരിശോധന.

സൂചന :-
1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്)ആക്ട് 1959 , റൂൾസ് 1960.
2) പബ്ലിക് (എംപ്ലോയ്മെന്റ് സെൽ)ഡിപ്പാർട്ട്മെന്റിന്റെ 21/12/1970 - ലെ ജി ഒ (പി)413/70/ പി ഡി നമ്പർ ഉത്തരവ്.
3) തൊഴിലും പുനഃരധിവാസവും (ജി)വകുപ്പിന്റെ 25/10/2004 - ലെ 11887/ ജി2/03/ തൊഴിൽ നമ്പർ സർക്കലർ.
4) ടി. വകുപ്പിന്റെ 05/02/2014 - ലെ 25941/ ജി2/ 2013 എൽ ബി ആർ നമ്പർ സർക്കുലർ.
5) ടി . വകുപ്പിന്റെ 26/12/2016 - ലെ 1046913/ജി2/2016/ തൊഴിൽ നമ്പർ സർക്കാർ കത്ത്.
6) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 05/02/2017 ലെ നമ്പർ റൂൾസ് 2/14/2017/ഉ ഭ പ വ സർക്കുലർ
7) തൊഴിലും നൈപുണ്യവും (ജി)വകുപ്പിന്റെ 24/ 03 / 2019 -ലെ LBRD - G2/1/2019 - LBRD നമ്പർ സർക്കുലർ.
8) ധനകാര്യം (വ്യയം - സി)വകുപ്പിന്റെ 11/01/2019 - ലെ 03/2019/ ധന നമ്പർ കത്ത്.
9) ആസൂത്രണ സാമ്പത്തികകാര്യ (ബി പി ഇ)വകുപ്പിന്റെ 10/07/2019 - ലെ PLGEA - BPE 3/2/ 2017/PLGEA നമ്പർ സർക്കുലർ.

*************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു , സൂചന പ്രകാരം ഈ കാര്യാലയത്തിലെ എംപ്ലോയ്മെന്റ് ഓഫീസർ 29/09/2022 -ൽ അങ്ങയുടെ കാര്യാലയത്തിൽ നടത്തിയ ഇ എം ഐ പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മൾട്ടി ടാക്സ് പേഴ്സണൽ -3,

O/c

13.12.2022

**File No.DEE-TVM/1659/2022-E1**

ഫീൽഡ് അസിസ്റ്റന്റ് -1, ഓഫീസ് അസിസ്റ്റന്റ് -5, ജൂനിയർ മാനേജർ -1, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് -1, ടെക്നിക്കൽ മാനേജർ -1, ജോയിന്റ് ചീഫ് ടെക്നിക്കൽ മാനേജർ -2, അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ -4, സയന്റിസ്റ്റ് -4, ചീഫ് ഫിനാൻസ് ഓഫീസർ -1, ജനറൽ മാനേജർ -1, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ -1 എന്നിങ്ങനെ 25 സ്ഥിരം ജീവനക്കാർ ജോലിനോക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് -3, പ്രോജക്റ്റ് എഞ്ചിനീയർ -4 എന്നിങ്ങനെ 7 ജീവനക്കാർ ജോലിനോക്കുന്നു.

ഡോക്യുമെന്റേഷൻ എക്സിക്യൂട്ടീവ് -1, കാൾ സെന്റർ എക്സിക്യൂട്ടീവ് -1, ടെക്നിക്കൽ സപ്പോർട്ട്-2, പ്രോഗ്രാം അസോസിയേറ്റ്-1, ടെക്നിക്കൽ സപ്പോർട്ട് ടെസ്റ്റിംഗ് കാലിബ്രേഷൻ -1, അക്കൗണ്ടന്റ് എക്സിക്യൂട്ടീവ് -1 എന്നിങ്ങനെ CMD വഴി 7 ജീവനക്കാർ ജോലിനോക്കുന്നു. അപ്രന്റീസ് ട്രെയിനി -7.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ചിട്ടുള്ള ലിസ്റ്റിൽ മുഖേന നിയമനം നടത്തി ലിസ്റ്റിന്റെ രണ്ടാം പകർപ്പ് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി മടക്കി നൽകേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട് നിയമന കാലാവധി കഴിഞ്ഞ ജീവനക്കാർക്ക് സേവനം ഇടരുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി.ജീവനക്കാരെ അടിയന്തരമായി പിരിച്ചുവിട്ട് ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തേണ്ടതാണ്. പി.എസ്.സി യുടെ നിയമന പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളും നേരിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തണമെന്ന് സൂചന സർക്കുലർ മുഖേന സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ അനുമതിയോടുകൂടിയല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാതെ ഏതെങ്കിലും ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ അങ്ങയുടെ മറുപടി എത്രയും വേഗം നൽകണമെന്നും അപേക്ഷിക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് സി.എൻ.വി ആക്ട് 1959,റൂൾസ് 1960 എന്നിവയിൽ അനുശാസിക്കുന്നത് പ്രകാരം ഇ.ആർ റിട്ടേണുകൾ സമയബന്ധിതമായി നൽകേണ്ടത് ഉദ്യോഗദായകന്റെ നിയമപരമായ ബാധ്യതയായതിനാൽ ആയത് വീഴ്ച കൂടാതെ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
13/12/22
DISTRICT EMPLOYMENT OFFICER

13/12/2022
13/12/22

Kavitha.I
സെക്ഷൻ ഓഫീസർ

അനുബന്ധം II

| ക്രമ നം. | തസ്തിക | ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ പേര് |
|---|---|---|
| 1. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് (ഐ.റ്റി.) | ഗീതു. ജി |
| 2. | പ്രോജക്ക് ലീഡ് സോളാർ സിറ്റി | ശ്രീകല എസ്, അനു. ഡബ്ല്യൂ, വിനയ് പി, രാധിക ജെ.എം., ദീപ.ഒ, ഗ്രീഷ്മ. എസ്.എൽ, പൂർണിമ രാജൻ, അഞ്ജലി അരുണൻ, ലക്ഷ്മി പി സുരേന്ദ്രൻ, പ്രീത ഗ്ലാഡ്സൺ, ജിഷ വി.എസ്, വാണി. ആർ |
| 3. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു സി.ഇ.ഒ. | വിനയ് പി, അനു. ഡബ്ല്യൂ, വാണി. ആർ, അനുപമ ജി, ഷാഹിനാ ബീഗം എസ്.എൻ |
| 4. | സീനിയർ അക്കൗണ്ട്സ് ഓഫീസർ | അഞ്ജലി എസ്എസ്, മിന്നു എ.കെ, ബന്ദീഷ്. പി, ലിജിത വി.പി, പ്രേം പ്രിയ സി.ജി, അഞ്ചു എസ് തങ്കച്ചി, അഥീന എ ബാബു |
| 5. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് - അക്കൗണ്ട്സ് | എബിൻ രാജ് പി.ഒ, ആരാജ് പി.ആർ, ജിജിന ജെ.ബി, ലിജിത വി.പി, അനീഷ് മോൻ എ, സുജകുമാരി എസ്.എൻ, ആശാഗോപാൽ, ദീപുരാജ് ജി.ആർ, ദിവ്യ ദിവാകരൻ, അനിഷ്ക ടി.എച്ച്, ജിത്തു ജെ |

Kavitha I

**സെക്ഷൻ ഓഫീസർ**

അനുബന്ധം III

| ക്രമ നം. | തസ്തിക | അഭിമുഖത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര് |
| --- | --- | --- |
| 1. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് (ഐ.റ്റി.) | ഗീതു. ജി |
| 2. | പ്രോജക്ട് ലീഡ് സോളാർ സിറ്റി | രാധിക ജെ.എം. |
| 3. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു സി.ഇ.ഒ. | വിനയ് പി |
| 4. | സീനിയർ അക്കൗണ്ട്സ് ഓഫീസർ | ബന്ദീഷ്. പി |
| 5. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് (അക്കൗണ്ട്സ്) | എബിൻ രാജ് പി.ഒ. |

Kavitha T

**സെക്ഷൻ ഓഫീസർ**